## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 789** **06-10-2021 - ൽ മറുപടിയ്ക്ക്**

## മഞ്ചേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മഞ്ചേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏറാഞ്ചേരി കോളനി (പാണ്ടിക്കാട് പഞ്ചായത്ത്), ചക്കിങ്ങൽ കോളനി(തൃക്കലങ്ങോട് പഞ്ചായത്ത്) എന്നിവയുടെ പദ്ധതി പൂർത്തീകരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) | ഏറാഞ്ചേരി കോളനിയിലെ 75% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആമയൂർ ചക്കിങ്ങൽ കോളനിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഒരു കിണറിന് പുറമെ മറ്റൊരു കിണർ കൂടി ആവശ്യമാണെന്ന് കോളനി നിവാസികൾ ആവശ്യപ്പെട്ടുകയും, എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗ് നടത്തുകയും പുതിയ കിണർ നിർമ്മിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. പുതിയ കിണർ ചെയ്തതിനുശേഷം മാത്രമേ പൈപ്പ് ലൈൻ വർക്ക് ചെയ്യാൻ സാധിക്കുകയുള്ളു. ഇത് കാരണം പൈപ്പ് ലൈൻ മാറുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായി വരികയും ചെയ്തിട്ടുണ്ട്. ആയതിനാൽ പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. കുടിവെള്ള പദ്ധതി ഒഴികെ ബാക്കിയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഏറാഞ്ചേരി കോളനി - ഉൾറോഡ്, നടപ്പാത നിർമ്മാണം, റീഡിംഗ് റൂം നിർമ്മാണം, ഡ്രൈനേജ്, വീട് റിപ്പയർ (28 എണ്ണം), സംരക്ഷണ ഭിത്തി എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി പുരോഗമിക്കുന്നു. കുടിവെള്ള പദ്ധതിയിൽ കിണർ പൂർത്തിയായി. പൈപ്പ് ലൈൻ 90% പൂർത്തിയായിട്ടുണ്ട്. ആമയൂർ ചക്കിങ്ങൽ കോളനി- 75% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഉൾറോഡ്, നടപ്പാത നിർമ്മാണം, അംഗനവാടിക്കു മുകളിൽ ഹാൾ നിർമ്മാണം, പൊതു സൗകര്യങ്ങളുടെ വികസനം എന്നിവ പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളനികളിലെ പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതൊക്കെയെന്നും ഇനി പൂർത്തികരിക്കാൻ ഉള്ളവ ഏതൊക്കെയെന്നും അവ എന്നേക്ക് പൂർത്തീകരിക്കും എന്നും വ്യക്തമാക്കാമോ; | (ബി) | ഏറാഞ്ചേരി കോളനിയിലെ 75% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആമയൂർ ചക്കിങ്ങൽ കോളനിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഒരു കിണറിന് പുറമെ മറ്റൊരു കിണർ കൂടി ആവശ്യമാണെന്ന് കോളനി നിവാസികൾ |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടുകയും, എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗ് നടത്തുകയും പുതിയ കിണർ നിർമ്മിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. പുതിയ കിണർ ചെയ്തതിനുശേഷം മാത്രമേ പൈപ്പ് ലൈൻ വർക്ക് ചെയ്യാൻ സാധിക്കുകയുള്ളു. ഇത് കാരണം പൈപ്പ് ലൈൻ മാറുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായി വരികയും ചെയ്തിട്ടുണ്ട്. ആയതിനാൽ പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. കുടിവെള്ള പദ്ധതി ഒഴികെ ബാക്കിയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഏറാഞ്ചേരി കോളനി - ഉൾറോഡ്, നടപ്പാത നിർമ്മാണം, റീഡിംഗ് റൂം നിർമ്മാണം, ഡ്രൈനേജ്, വീട് റിപ്പയർ (28 എണ്ണം), സംരക്ഷണ ഭിത്തി എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി പുരോഗമിക്കുന്നു. കുടിവെള്ള പദ്ധതിയിൽ കിണർ പൂർത്തിയായി. പൈപ്പ് ലൈൻ 90% പൂർത്തിയായിട്ടുണ്ട്. ആമയൂർ ചക്കിങ്ങൽ കോളനി- 75% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഉൾറോഡ്, നടപ്പാത നിർമ്മാണം, അംഗനവാടിക്കു മുകളിൽ ഹാൾ നിർമ്മാണം, പൊതു സൗകര്യങ്ങളുടെ വികസനം എന്നിവ പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ മഞ്ചേരി ആര്യമ്പാടം കുറുങ്കാട്ടുകുന്ന് കോളനിയുടെ പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണവും പദ്ധതിയുടെ പ്രവൃത്തികൾ എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്നും എന്നേക്ക് പൂർത്തീകരിക്കാനാകും എന്ന വിവരവും നല്കുമോ? | (സി) | ആര്യമ്പാടം കുറുകാട്ടുകുന്നു കോളനിയിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണ പ്രവർത്തികൾ പുരോഗമിക്കുന്നുണ്ട്. 6 വീടുകളുടെ പ്ലാസ്റ്ററിംഗ് കഴിഞ്ഞു. കുടിവെള്ള വിതരണം, ഉൾറോഡ്, നടപ്പാത നിർമ്മാണം എന്നിവ തുടങ്ങിയിട്ടില്ല. പ്രവർത്തികൾ 31.12.2021-നു മുമ്പായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ